**KOLLAM CITY POLICE**
https://www.kollam city.keralapolice.gov.in
https://www.facebook.com/citypolicekollam/
https://twitter.com/KlmCityPolice

Dated : 09/08/ 2021

# സാമൂഹ്യ മാധ്യമത്തിലൂടെ സ്ത്രീകൾക്ക് അശ്ലീല വീഡിയോ അയച്ച യുവാവ് പോലീസ് പിടിയിലായി

കൊല്ലം : ഫോയ്സ്ബുക്ക് മെസഞ്ചറിലൂടെ സ്ത്രീകൾക്ക് അശ്ലീല വീഡിയോ അയച്ച് നൽകിയ യുവാവ് പോലീസ് പിടിയിലായി. പാലക്കാട് ചേർപ്പുളശ്ശേരിയിൽ താമസിക്കുന്ന കരുനാഗപ്പള്ളി താലൂക്കിൽ കുലശേഖരപുരം വില്ലേജിൽ കോട്ടയ്ക്ക്പുറം തേവലശ്ശേരി മുക്കിന് സമീപം പീടികത്തറയിൽ ഷംസുദ്ദീൻ കുട്ടി മകൻ ഷറഫുദ്ദീൻ എന്ന് വിളിക്കുന്ന സൈനുദ്ദീൻ കുട്ടി (39) ആണ് അറസ്റ്റിലായത്. സാമൂഹ്യ മാധ്യമങ്ങളിലെ സ്ത്രീകളെ തെരഞ്ഞ് പിടിച്ച് സൗഹൃദത്തിലാക്കി അവരുമായി ചാറ്റ് ചെയ്ത് അശ്ലീല സന്ദേശങ്ങളും ചിത്രങ്ങളും വീഡിയോകളും അയച്ച് നൽകുകയായിരുന്നു. അശ്ലീല വീഡിയോ ലഭിച്ച കരുനാഗപ്പള്ളി സ്വദേശിനി ജില്ലാ പോലീസ് മേധാവി നാരായണൻ റ്റി ഐ.പി.എസ്സിന് നൽകിയ പരാതിയാണ് ഇയാളെ പോലീസ് പിടിയിലാക്കിയത്. കൊല്ലം സൈബർ ക്രൈം പോലീസ് സ്റ്റേഷനിൽ കേസ് രജിസ്റ്റർ ചെയ്ത് നടത്തിയ അന്വേഷണത്തിൽ ഇയാൾ വിദേശത്ത് വച്ച് സൃഷ്ടിച്ച സ്ത്രീയുടെ പേരിലുള്ള വ്യാജ പ്രൊഫൈൽ ഉപയോഗിച്ചാണ് സ്ത്രീകളുമായി സൗഹൃദമുണ്ടാക്കിയത്. തുടർന്ന് ഇയാളെ കണ്ടെത്തി അറസ്റ്റ് ചെയ്ത് ഇയാളുടെ ഫോണിൽ നടത്തിയ പരിശോധനയിൽ കേരളത്തിൽ അങ്ങോളമുള്ള നൂറുകണക്കിന് സ്ത്രീകളുമായി ഇയാൾക്ക് സാമൂഹ്യ മാധ്യമത്തിലൂടെ ബന്ധമുണ്ടെന്ന് കണ്ടെത്തി. ജില്ലാ പോലീസ് മേധാവി നാരായണൻ റ്റി ഐ.പി.എസ്ന്റെ മേൽ നോട്ടത്തിൽ സിബ്രാഞ്ച് എ.സി.പി സോണി ഉമ്മൻ കോശിയുടെ നേതൃത്വത്തിൽ സൈബർ ക്രൈം പോലീസ് സ്റ്റേഷൻ ഇൻസ്പെക്ടർ എച്ച്. മുഹമ്മദ് ഖാൻ, എസ്സ്.ഐമാരായ മനാഫ്, അജിത്ത്, എ.എസ്സ്.ഐ നിയാസ്. എ, എസ്സ്.സി.പി.ഓമാരായ അരുൺ, സതീശ്, രാജിമോൾ എന്നിവരടങ്ങിയ സംഘമാണ് പ്രതിയെ പിടി കൂടിയത്. ഇയാളെ റിമാന്റ് ചെയ്തു. അപരിചിതരായ സ്ത്രീകളുമായി സാമൂഹ്യ മാധ്യമത്തിലൂടെ സൗഹൃദത്തിൽ ഏർപ്പെടുമ്പോൾ കൂടുതൽ ജാഗ്രത പുലർത്തണമെന്നും അസ്വാഭികമായത് ശ്രദ്ധയിൽപ്പെട്ടാൽ ഉടൻ പോലീസ് സഹായം തേടണമെന്നും സിറ്റി പോലീസ് കമ്മീഷർ അറിയിച്ചു.



സൈനുദ്ദീൻ കുട്ടി

# റിസോർട്ട് ഉടമയെ തട്ടികൊണ്ട് പോയി മോചനദ്രവ്യം വാങ്ങിയ പ്രതിയെ അറസ്റ്റ് ചെയ്തു

കൊല്ലം : കൊല്ലം പള്ളിത്തോട്ടം സ്വദേശിയായ റിസോർട്ട് ഉടമയെ കമ്പം തേനിയിലേക്ക് തട്ടി കൊണ്ട് പോയി മോചനദ്രവ്യം വാങ്ങിയ പ്രതിയെ പോലീസ് അറസ്റ്റ് ചെയ്തു ഗൂഡല്ലൂർ പട്ടാള അമ്മൻകോവിൽ സ്ട്രീറ്റിൽ വീട്ട് നമ്പർ 7എ യിൽ ചെല്ല പെരുമാൾ മകൻ കല്ല്യാണ സുന്ദരമാണ് (47) പോലീസ് പിടിയിലായത്. പള്ളിത്തോട്ടം അഞ്ജലി നഗറിലുള്ള കെ.കെ സക്കറിയായെയാണ് ഇയാൾ തട്ടി കൊണ്ട് പോയത്. സക്കറിയായുടെ റിസോർട്ട് വിലയ്ക്ക് വാങ്ങാം എന്ന് പറഞ്ഞ് തമിഴ്നാട്ടിലേക്ക് വിളിച്ച് വരുത്തി തേനിയിലുള്ള ഒരു എസ്റ്റേറ്റിലേക്ക് കൂട്ടി കൊണ്ട് പോയി മോചനദ്രവ്യം ആവശ്യപ്പെടുകയായിരുന്നു. എട്ടര ലക്ഷം രൂപായോളം വാങ്ങിയതിന് ശേഷമാണ് റിസോർട്ട് ഉടമയേയും ഡ്രൈവറേയും വിട്ടയച്ചത്. തുടർന്ന് റിസോർട്ട് ഉടമയുടെ പരാതിൽ പോലീസ് കേസ് രജിസ്റ്റർ ചെയ്യുകയായിരുന്നു. കൊല്ലം സിറ്റി പോലീസ് മേധാവി നാരായണൻ റ്റി. ഐ. പി.എസ്സിന്റെ പ്രത്യേക ഇടപെടലിലൂടെ തേനി പോലീസിന്റെ സഹായത്തോടെയാണ് പ്രതിയെ തേനിയിൽ നിന്നും പിടികൂടിയത്. കൊല്ലം എ.സി.പി. എ.പ്രദീപ് കുമാറിന്റെ നേതൃത്വത്തിൽ കൊല്ലം ഈസ്റ്റ് ഇൻസ്പെക്ടർ ആർ. രതീഷ്, എസ്സ്.ഐ മാരായ ദിൽജിത്ത്, പ്രമോദ്കുമാർ, സി. പി.ഓ മാരായ സുനിൽ, പ്രജേഷ് എന്നിവരടങ്ങിയ സംഘമാണ് പ്രതിയെ പിടികൂടിയത്. ഇയാളെ റിമാന്റ് ചെയ്തു.




# ക്വാറന്റെൻ ലംഘിച്ചതിന് ഒരാഴ്ചക്കിടയിൽ 212 പേർ അറസ്റ്റിൽ ശക്തമായ നടപടിയുമായി കൊല്ലം സിറ്റി പോലീസ്

### 1939 പേർക്കെതിരെ നടപടിയെടുത്ത് കൊല്ലം സിറ്റി പോലീസ്, ക്വാറന്റെൻ ലംഘിച്ച 27 പേരെയടക്കം 197 പേരെ അറസ്റ്റ് ചെയ്തു, 154 വാഹനങ്ങൾ പിടിച്ചെടുത്തു - 11727 പേരെ താക്കീത് ചെയ്തു

കൊല്ലം : സമ്പർക്കവ്യാപനം തടയുകയെന്ന ലക്ഷ്യത്തോടെ ക്വാറന്റെൻ ലംഘനം നടത്തിയ 212 പേരെയാണ് കൊല്ലം സിറ്റി പോലീസ് കഴിഞ്ഞ ഒരാഴ്ചയ്ക്കിടയിൽ അറസ്റ്റ് ചെയ്തത്. ക്വാറന്റെൻ ലംഘനം വർദ്ധിച്ച സാഹചര്യത്തിൽ പ്രത്യേക പരിശോധനകളിലൂടെയാണ് നിരവധി പേർ പിടിയിലാത്. നിരന്തരം പോലീസ് നടത്തുന്ന നിരീക്ഷണവും ക്വാറന്റെൻ പരിശോധനകളും ക്വാറന്റെൻ ലംഘനം കുറയ്ക്കാൻ സഹായിച്ചതായി സിറ്റി പോലീസ് കമ്മീഷണർ നാരായണൻ. റ്റി ഐ.പി.എസ്സ് അറിയിച്ചു. കഴിഞ്ഞ 24 മണിക്കൂറിനുള്ളിൽ ക്വാറന്റെനിൽ

കഴിയവേ പൊതുജനങ്ങളുമായി ഇടപഴകിയ 27 പേരെയാണ് സിറ്റി പോലീസ് പിടികൂടിയത്. ഇവർക്കെതിരെ പകർച്ചവ്യാധി പ്രതിരോധ നിയമ പ്രകാരമാണ് പോലീസ് കേസ് എടുത്ത് ഡൊമിസിലറി കെയർ സെന്ററിലേക്ക് മാറ്റി. തെക്കുംഭാഗം, ശക്തികുളങ്ങര, ചാത്തന്നൂർ, പരവൂർ, കണ്ണനല്ലൂർ എന്നീ പോലീസ് സ്റ്റേഷനുകളിൽ ഒരോ ആൾ വീതവും അഞ്ചാലൂമ്മൂട്, കിളികൊല്ലൂർ, പാരപ്പള്ളി, ഓച്ചിറ എന്നീ പോലീസ് സ്റ്റേഷനുകളിൽ രണ്ട് പേർ വീതവും, കൊല്ലം ഈസ്റ്റ്, ചവറ എന്നീ പോലീസ് സ്റ്റേഷനുകളിൽ നാല് പേർ വീതവും കരുനാഗപ്പള്ളി പോലീസ് സ്റ്റേഷനിൽ ആറ് പേരുമാണ് ക്വാറന്റെൻ ലംഘനത്തിന് പോലീസ് പിടിയിലായത്.

കോവിഡ് പകർച്ചവ്യാധി പ്രതിരോധ നടപടികളുടെ ഭാഗമായി കഴിഞ്ഞ 24 മണിക്കൂറിനുള്ളിൽ മാനദണ്ഡങ്ങൾ ലംഘിച്ച 154 വാഹനങ്ങൾ പിടിച്ചെടുത്തു. കോവിഡ് നിയന്ത്രണം ലംഘിച്ച 197 പേരെ അറസ്റ്റ് ചെയ്യുകയും ശരിയായ വിധം മാസ്ക്ക് ധരിക്കാതിരുന്ന 886 പേർക്കെതിരേയും സാമൂഹിക അകലം പാലിക്കാതിരുന്ന 856 പേർക്കെതിരെയും നടപടി സ്വീകരിച്ചതായും 11727 പേരെ താക്കീത് ചെയ്തതായും സിറ്റി പോലീസ് അറിയിച്ചു.